## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 512** **26-03-2018 ൽ മറുപടിക്ക്**

### ലാൻഡ് ട്രിബ്യൂണലിലുള്ള കേസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) അർഹരായവർക്ക് കൈവശഭൂമിക്ക് ഉപാധിരഹിത പട്ടയം നൽകാനായി സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉപാധികളിൽ ഇളവ് വരുത്തി 17.08.2017 ലെ സ.ഉ (പി) നം.60/2017/റവ പ്രകാരം ഉത്തരവായിട്ടുള്ളതാകുന്നു. |
| (ബി) ലാൻഡ് ട്രിബ്യൂണൽ മുമ്പാകെയുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ; | (ബി) കേരളത്തിൽ 17 ലാന്റ് ട്രൈബ്യൂണലുകളും 14 ദേവസ്വം ട്രൈബ്യൂണലുകളുമാണ് പ്രവർത്തിച്ചു വരുന്നത്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ നടപടികളിലൂടെ ഈ വർഷം ഫെബ്രുവരി 28 വരെ 44417 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികളിലൂടെ 5 തെക്കൻ ജില്ലകളിൽ 500 ൽ താഴെ കേസുകളായി കുറഞ്ഞിട്ടുണ്ട്. |
| (സി) ഇടുക്കി ജില്ലയിൽ പട്ടയ ഭൂമിയിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുറിക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ യെന്നറിയിക്കുമോ? | (സി) 2005 ലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ വകുപ്പ് 6 (3) പ്രകാരവും 1986 ലെ വൃക്ഷ സംരക്ഷണ നിയമത്തിലെ വകുപ്പ് 5 പ്രകാരവും വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിലും കാർഡമം ഹിൽ റിസർവ്വ് പ്രദേശങ്ങളിലും ഉൾപ്പെട്ടിട്ടുള്ള വില്ലേജുകളിൽ 1964 ലെ ഭൂമി പതിവു ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ചിട്ടുള്ളതാണെങ്കിലും ജീവനും സ്വത്തിനും ഭീക്ഷണിയാകുന്ന സാഹചര്യത്തിലൊഴികെ യാതൊരു മരങ്ങളും മുറിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ബഹു. റവന്യൂ, വനം വകുപ്പ മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ 06.02.2018 തീയതിയിൽ യോഗം ചേരുകയും കേരള വൃക്ഷ സംരക്ഷണ നിയമം 1986 വകുപ്പ് 5 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം ഭേദഗതി വരുത്തേണ്ടതായി തീരുമാനിച്ചിട്ടുള്ളതും ആയതിനാൽ വനം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പട്ടയ ഭൂമിയിൽ കർഷകർ നട്ടു പിടിപ്പിച്ച ചന്ദനം ഒഴികെയുള്ള വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 G.O (P) 60/2017/RD ഉത്തരവു പ്രകാരം ഭേദഗതി ചെയ്തിട്ടുള്ളതാണ്. കേരള ഭൂമി പതിവു ചട്ടങ്ങൾ 1993 |

പ്രകാരം പതിച്ചു നൽകിയിട്ടുള്ള പട്ടയഭൂമിയിൽ പിന്നീടുണ്ടാകുന്ന മരങ്ങൾ മുറിക്കുന്നത് ടി പട്ടയ ഫോറത്തിലെ ഒന്നാമത്തെ വ്യവസ്ഥ മൂലം സാധിക്കാതെ വന്നിട്ടുള്ളതാണ്.ഈ വിഷയവും സർക്കാർ പരിഗണനയിലാണ്.ഇടുക്കി ജില്ലയിലെ അഞ്ചുനാട് പ്രദേശങ്ങളിൽ യൂക്കാലിപ്റ്റ്സ് മരങ്ങൾ മുറിക്കുന്നത് 16.02.2015 ലെ G.O (Ms) 69/2015/RD ഉത്തരവു പ്രകാരം നിരോധിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കുന്ന വിഷയം പരിശോധനയിലാണ്.

**സെക്ഷൻ ഓഫീസർ**